G. W. LPS തെക്കേത്തരി

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻനിർത്തി നമ്മുടെ സ്കൂളിനെ മികവുറ്റതാക്കാനുള്ള പ്രവർത്തനങ്ങൾ ഈ അക്കാദമിക വർഷം ആസൂത്രണം ചെയ്തിരിക്കുന്നു. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികളിൽ എത്തിക്കുന്നതിനായി ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്ര വികാസവും ഉറപ്പാക്കുന്നതിന് സ്കൂൾതല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. വിദ്യാലയ കാഴ്ചപ്പാടും അക്കാദമിക ലക്ഷ്യങ്ങളും വിഭവ വിനിയോഗ പ്രവർത്തന പരിപാടികളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ ലക്ഷ്യങ്ങൾ ഓരോ ക്ലാസ് മുറികളിൽ കൂടിയും ഓരോ കുട്ടിയിൽ കൂടിയും പ്രാവർത്തികമാക്കേണ്ടതാണ്. അതിനാൽ ഇതിനെ ചുവടുപിടിച്ച് ക്ലാസ്തല മാസ്റ്റർ പ്ലാനും വ്യക്തിഗത മാസ്റ്റർ പ്ലാനും തയ്യാറാക്കിയിരിക്കുന്നു.

# പ്രവർത്തന വിശദാംശങ്ങൾ.

I ഭാഷാ പ്രവർത്തനങ്ങൾ.

* അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ പ്രവർത്തനങ്ങൾ, വാക്യരൂപീകരണം, വായന
* ലൈബ്രറി പ്രവർത്തനങ്ങൾ - പുസ്തകമൂല
* വാർത്താ വായന

II ഗണിത പ്രവർത്തനങ്ങൾ

* സംഖ്യകൾ ഉറപ്പിക്കൽ
* ചതുഷ്ക്രിയകൾ ഉറപ്പിക്കൽ
* ഗണിതലാബ്
* ഗണിത പഠന താത്പര്യം വളർത്തൽ
* തിരിഞ്ഞ പ്രവർത്തനങ്ങൾ

III ശാസ്ത്രപ്രവർത്തനങ്ങൾ.

* ശാസ്ത്രപഠന ശേഷി വികസനം
  - നിരീക്ഷണം, പരീക്ഷണം.

* ഉപകരണങ്ങളുടെ നിർമ്മാണം
* കളികളുടെ നിർമ്മാണം.
* ഫീൽഡ് ട്രിപ്പ്

## ഇംഗ്ലീഷ് പ്രവർത്തനങ്ങൾ.

* എഴുത്ത്, വായന, സംസാരം ഇവ മെച്ചപ്പെടുത്തൽ
* ഹലോ, E- language library.
* Library books
* English Assembly.
* English club activities.

## സോഷ്യൽ സയൻസ് പ്രവർത്തനങ്ങൾ.

* ദിനാചരണം
* ഫീൽഡ് ട്രിപ്പ്
* ക്വിസ് കോമ്പറ്റീഷൻ.

# അക്കാദമിക മാസ്റ്റർപ്ലാൻ

## മലയാളം

ആമുഖം

ഒന്നാം ക്ലാസിലെ കുട്ടിയുടെ സമഗ്രവികസനം ആണ് ലക്ഷ്യം വയ്ക്കുന്നത്. എഴുത്തും വായനയും അറിഞ്ഞിരിക്കുക എന്നത് ജീവിതത്തിൽ വളരെ അത്യാവശ്യമാണ്. അതോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ വികാസം കൂടി കൈവരിക്കേണ്ടതുണ്ട്. ഇതിനെല്ലാമുതകുന്ന വിധം ആണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ നിലവിലുള്ള അവസ്ഥ പരിഗണിച്ച് സന്തോഷത്തോടെ ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തന പദ്ധതിയാണ് ഈ മാസ്റ്റർപ്ലാനിലൂടെ അവതരിപ്പിക്കുന്നത്.

# ക്ലാസ് 1

## മലയാളം

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

### പ്രവർത്തന പദ്ധതി

**ജൂൺ**

കുട്ടിക്കഥകൾ, കവിതകൾ, അക്ഷരപ്പാട്ടുകൾ ഇവ അധ്യാപകരും രക്ഷിതാക്കളും വായിച്ചു കേൾപ്പിക്കൽ, പറഞ്ഞുകേട്ട കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടൽ.

**ജൂലൈ**

അക്ഷരപ്പാട്ടുകൾ, അക്ഷര ചിത്രങ്ങൾ ഇവയിലൂടെ അക്ഷരം ഉറപ്പിക്കൽ. വായനാ സാമഗ്രികളിൽ നിന്നും അക്ഷരം കണ്ടെത്തി നിറം നൽകൽ. അധ്യാപികയും, രക്ഷിതാക്കളും ഭാവനാത്മകമായി കഥകൾ വായിച്ചു കേൾപ്പിക്കുന്നു. രക്ഷിതാക്കൾക്ക് ചൂണ്ടി വായിച്ചുകൊടുക്കാനുള്ള നിർദേശം.

**ആഗസ്റ്റ്**

അക്ഷരക്കാർഡുകൾ തുടങ്ങിയവയുടെ സഹായത്തോടെ പദനിർമ്മാണം ചിത്രത്തിനുയോജിച്ച പദങ്ങൾ പദക്കാർഡുകളിൽ നിന്നും കണ്ടെത്തൽ.

**സെപ്റ്റംബർ**

വായനക്കാർഡുകളുടെ സഹായത്തോടെ വായന. അമ്മവായന - കേട്ടകഥകൾ പറയാൻ അവസരം. ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു. കുട്ടി പറഞ്ഞത് ടീച്ചർ എഴുതുന്നു. സഹായത്തോടെ വായന. സംയുക്ത ഡയറി എഴുത്ത്.

**ഒക്ടോബർ** :

ചിത്രകഥകളിൽ നിന്ന് കഥ രൂപീകരിക്കുന്ന കുട്ടികൾ കൂട്ടമായി പരസ്പരം സഹായത്തോടെ വായനാകാർഡുകൾ വായന.

**നവംബർ**

ICT സഹായത്തോടെ കഥകൾ, പാട്ടുകൾ കേൾക്കാനവസരം. കുട്ടികൾ പറയുന്ന കഥകൾ അധ്യാപിക/രക്ഷിതാവ് എഴുതുന്നു എഴുതിയത് കുട്ടി സഹായത്തോടെ വായിക്കുന്നു

**ഡിസംബർ**

ടീച്ചർ കഥകൾ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു. ക്ലാസ് ലൈബ്രറി ഒരുക്കുന്നു. അസംബ്ലിയിൽ വായിക്കാനവസരം

**ജനുവരി & ഫെബ്രുവരി**

ചെറിയ ബാലമാസികകൾ, ബാലസാഹിത്യകൃതികൾ ക്ലാസിൽ ഒരുക്കുന്നു. വീട്ടിൽ കൊടുത്തുവിടുന്നു. അധ്യാപിക, കൂട്ടുകാർ, രക്ഷകർത്താക്കൾ എന്നിവരുടെ സഹായത്തോടെ വായന

# അക്കാദമിക്
# മാസ്റ്റർ പ്ലാൻ

# ക്ലാസ്സ് - 2

...ത്തിന് കുട്ടിക്ക് ലഭ്യമാകുന്നതിനുള്ള അവസരങ്ങൾ ഉണ്ടാകുന്നു.

## പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

## ...ുക്കൾ.

* ചിത്ര കാർഡുകൾ നൽകൽ (ചിത്രവും, പദവും ഉള്ളത്)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാസാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ...ത്തിലെ

ഭാഷയുമായി ബന്ധപ്പെട്ട് ICT സാധ്യത ഉറപ്പാക്കുന്നു

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു

## ...ഗസ്ത്

ക്ലാസ് ലൈബ്രറി പ്രവർത്തന ക്ഷമമാക്കൽ

× വിട്ടുപോയവ ചേർക്കൽ

× ചിത്ര വിവരണം

വായനതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരങ്ങൾ ഉണ്ടാക്കുന്നു.

## നേട്ടങ്ങൾ

× വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

× വായിച്ച കഥയിൽ നിന്നും സംഭാഷണം ഒരുക്കൽ

× വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

× വായിച്ച കഥാഭാഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ലക്ഷ്യങ്ങൾ

× കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

× വിവിധ തരത്തിലുള്ള ഉൽപ്പന്നം തയ്യാറാക്കാൻ വേണ്ടുന്ന മുൻധാരണ നൽകുന്നു.

ഉദാ: ആന

: വലിയആന

കറുത്ത വലിയ ആന.

## നവീനതകൾ

× കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനത്തിൽ ഏർപ്പെടാനുള്ള അവസരം കിട്ടുന്നു.

ഡിസംബർ

* കുട്ടികളുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാസികകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിത പൂരണം)
* ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു ന്നുണ്ട് ഉറപ്പ് വരുത്തൽ (വായന, ലേഖനം, എഴുത്ത്)
കുട്ടികളിൽ സ്വതന്ത്ര രചന സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരങ്ങൾ ഒരുക്കൽ.

മാർച്ച്

* വ്യക്തിഗത ചാർട്ടിൽ വെച്ച് പ്രോത്സാഹിപ്പിക്കൽ.
* ഇൻലൻഡ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
* ഓരോ കുട്ടിയും ഓരോ പതിപ്പുകൾ കൈയെഴുത്ത് മാസിക

# ഗണിതം

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ കുട്ടിക്ക് 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം പ്രശ്ന- പരിഹാരം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ

സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും നേടി- യെടുക്കുന്നതിന്

ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു (100- വരെ)

ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ കഴിയും എന്ന മേഖലയിൽ എത്തിച്ചേരൽ

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മൂന്നാംഘട്ടം

* ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ. പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

1, 2, 3, 4 ......
1, 3, 5, 7 ......
10, 20, 30, 40 ......
5 10 15 20 ......
2 4 6 8 ......

തുടങ്ങിയ പാറ്റേണുകളിലെ സംഖ്യ[illegible]യം കണ്ടെത്തൽ

ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്നതിനുള്ള ഉണ്ടാക്കൽ

[illegible]തലൈ

ഒരു കൂട്ടം വസ്തുക്കളോട് അതേ എണ്ണത്തിൽ ഉള്ള മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ ഇരട്ടിയായി എന്ന് അതിനെ എണ്ണം പറയൽ.

ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ (5+5 = 10, 10+10 = 20)

അസൈൻ്റ്

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ. സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ 99നോട് 1 കൂട്ടിയാൽ 100, 10 പത്തുകൾ ചേർന്നാൽ 100 ആകും.

100 ഒന്നുകൾ ചേർന്നതാണ് 100.

ത സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ

പ്പെടുത്താനാണ് കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

## സെപ്റ്റംബർ

* ഗണിത ക്ലബിലെ സാധനങ്ങൾ നിരത്തി പ്രായോഗികപ്രശ്ന
പരിഹരിക്കൽ
* വിലവിവര പട്ടിക തയ്യാറാക്കൽ
* ക്ലാസിലൊരു കട. സ്കൂളിലൊരു കട. ഗണിതാശയ
പ്രശ്നങ്ങൾ, പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്ന
നിർധാരണം ചെയ്യുന്നു.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്ന
ങ്ങൾ പരിഹരിക്കൽ
* സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ നിശ്
സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ,
പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)
5--- 10--- 15---- 20-- 25 (5 വീതം കൂട്ടിയാൽ പ
വിശകലനം ചെയ്യുന്നു)

...വംബർ

* സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്ന പരിഹാരത്തിന് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
* ക്ലാസിനൊന്ന് കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ. കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ.

10 രൂപ + 5 രൂപ = 15 രൂപ നോട്ട് നാണയം.

...സംബർ

* സംഖ്യാ ബോധം തിരിച്ചറിവിൽ - സംഖ്യവ്യാഖ്യാനം ...ക്കൽ.

...ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാന ...ല, പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)

രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത ...രീതികൾ ഉപയോഗിക്കുന്നു.

...വരി

വില വിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് ...പ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ ...പ്രശ്ന നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ.

സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

## പ്രതിബോധവരി

x ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതലോകം നടത്തൽ.

x ഉല്ലാസ ഗണിതം Material ഉപയോഗിച്ച് ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ ഗണിതപഠനം കളിരീതിയിൽ ആക്കിയ വിജയം കൈവരിക്കൽ.

## തുടർച്ച

x കലണ്ടർ പതിപ്പ് തയ്യാറാക്കൽ

x കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിഞ്ഞ് മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേൺ ഉൾക്കൊള്ളിക്കൽ

കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ

ഗണിതാശയങ്ങൾ പ്രയോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# English.

**Aim** : To speak, Read and write English without any mistakes.

**Time** : June, July August

**June**

**Pretest** : To develop listening skills and reading skills.

**Listening skills** : Games Action songs, Hello English activities, Conversations, skit, stories use ICT.

**Speaking Skills.** : Descriptions, growing sentenses, picture reading, picture description, Self introduction, Assembly activities, speech, book review, quiz, riddles, School radio etc.

**July and August**

**Reading Skills** : News paper reading, library books reading, book review, reading breaking news, find words. Collect and read past tense, rhyming words, describing words etc, Text book activities.

## Writing Skills.

make words web, Picture description, word chain, Sentences chain, make words and Sentences, make riddles, conversations, Add more lines, develop stories, descriptions, notice proclamation, diary, letter, Announcement magazines.

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

ക്ലാസ്സ് : IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതു വരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാകൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തക പരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദന കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |

| | | | | |
|---|---|---|---|---|
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗത്തിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ. | സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ. | ആവശ്യാനുസരണം | Class Teacher | |
| കണ്ടറിയാം.... കേട്ടറിയാം.... | | | | |
| അറിവ് ദൃശ്യങ്ങളിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | Class Teacher | PTA |
| രുചിച്ചറിയാം.... | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം.<br>ക്ലാസിലൊരു സദ്യ. | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |

വേല : അക്കാദമികം

ഉപവേല : ഗണിതം

ക്ലാസ് : IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ മൂല്യനിർണയം. (ഏണിയും പാമ്പും, ഡയസ് കളി) സങ്കലനം - വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG Class Teacher | |
| ഒറിഗാമിയിലൂടെ പഠിക്കാം.... | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | Class Teacher | PTA |
| ഗണിതലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ. | ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM SRG Class Teacher | PTA |

| | | | | |
|---|---|---|---|---|
| ഗണിതച്ചുമർ | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | Class Teacher | PTA |
| ഗണിത പഠനോപകരണ ശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം. | ആവശ്യാനുസരണം | Class Teacher | PTA |
| ഗണിതമേള | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ പാറ്റേൺ<br>പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>Class Teacher | PTA |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

ക്ലാസ് : IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിനടത്തം | | | | |
| നിരീക്ഷണം - അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രമേള | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | HM<br>SRG<br>Class Teacher | PTA<br>SSA |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ. | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മേളകൾ പ്രദർശനങ്ങൾ ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>Class Teacher | PTA<br>രക്ഷിതാ |

| | | | | |
|---|---|---|---|---|
| ഭൂപടമൊരുക്കാം | | | | |
| കേരളം - ഇന്ത്യ ഭൂപടവായന - സൂചികാ-പരിചയപ്പെടൽ. | ഭൂപട വായന<br>ഭൂപട രചന<br>സൂചികാ നിർമ്മാണം | വർഷത്തിൽ ഒന്ന് | SRG<br>Class Teacher | PTA |
| ശാസ്ത്ര വിസ്മയ ചുമർ | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | SRG<br>Class Teacher | PTA |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ. | HM<br>SRG<br>Class Teacher | PTA |
| ശാസ്ത്രമാസിക | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. | ശാസ്ത്ര മാസികകളുടെ നിർമ്മാണം. | വർഷത്തിൽ ഒന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ. | PTA. |

| |
|---|
| Topic :- Academic |
| Sub Topic :- English |
| Class :- IV |

## Objectives

- To encourage active listening and speaking skills.
- To develop an English atmosphere that children are engaging.
- To expand vocabulary for improved communication and comprehension.
- Ensure fluency in reading and writing.
- To equip students with effective written communication skills.
- To establish a solid understanding of language elements.
- To develop a love for reading and literature.
- To develop children's own stories and drafting books.
- To apply the language in day today life.

| Sl. No. | Name | Description | Period |
| --- | --- | --- | --- |
| 1. | English Challenge | We can - Creates an English atmosphere. Speak simple English Sentences frequently. Uses Simple questions and leads to jokes. Prepare Some story cards and short videos of it's reading. Share them in groups. Celebrate a day in a week as English day. | June - March |
| | | Paste some English words on walls, doors, shelf, benches desks, tables etc. Makes use of some action songs and games also. | |
| 2. | English Assembly | Listening - Teacher Talk<br>Speaking - Prayer, pledge, news, riddles, diary, quotes of eminent leaders, reader's theatre etc. | June - March |

| | | | |
|---|---|---|---|
| 3. | Speech bubbles | Give chances for filling speech bubbles- eg- Give more chances in the next coming units also. | From June 2nd week onwards. |
| 4. | MEW | New words are introducing through pictures and appropriate sentences in different context to get it's meaning. Students have to keep them in notebooks as My English World. | June - March. |
| 5. | Read and rejoice. | Tells Simple English stories with proper actions and voice modulations. Gives more stories having great values like brave, unity, kindness, honesty etc. for reading. | Once in a week. |

| | | | |
|---|---|---|---|
| 6. | Picture Diary | Experience sharing and writing diary with Suitable pictures. | From the end of June to March. |
| 7. | English club (Hou English) | Various club activities eg:- Reader's Theatre. | July - February. |
| 8. | My notice | Exhibits model notices. Leads to discussion and prepare school notices about major activities. | June last week. |
| 9. | Digi task | Teacher and students are calling each other through mobile phone. Shares feelings, thoughts and events in English | Frequently. |
| 10. | Picture Dictionary (World of words) | At the end of each unit collect words, reorder them and create a picture dictionary. | At the end of each unit |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭ കളെ അടുത്ത റിയാം | 1) കവികളെ കുറി ച്ചുള്ള ഡോക്യു മെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖര ണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോ ഷണം | 1) പൊതു സമൂഹവു മായി ബന്ധപ്പെട്ട് പുസ്തക ശേഖ രണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയി ലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തു കാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

മേഖ...

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയ മറിഞ്ഞും ഒഴു ക്കോടെയും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ജ്ഠഅ | S S അ S ങ ഇ |
| | വാർത്താവായനാ മത്സരം സംഘടി പ്പിക്കൽ | മാസത്തിൽ ഒന്ന് | ഠലമരവല്യ | Sമേളള |
| | വായനാക്യാമ്പു കൾ | 3 മാസത്തിൽ ഒന്ന് | S S അ | S S അ |
| | ബാല പ്രസിദ്ധീ കരണങ്ങളുടെ വായന | ജൂൺ - മാർച്ച് | ഇഹമൈ ഠലമരവല്യ | S ങ ഇ |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |